# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T4233
19.10.2011 - ലെ മറുപടിയ്ക്ക്

## പ്രതിവർഷം ഒരു ലക്ഷം തൊഴിൽ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. പാലോട് രവി | | **ശ്രീ. കെ.എം. മാണി**<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| എ) | പ്രതിവർഷം ഒരു ലക്ഷം തൊഴിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;; | 500 കോടി രൂപ മുതൽ മുടക്കിൽ 1 ലക്ഷം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന തൊഴിൽദാന പരിപാടിയയായ "കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ'' ധനകാര്യ മന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 2000 കോടിയോളം രൂപയുടെ അടങ്കലുള്ള ഒരു പദ്ധതിയായാണ് ബഡ്ജറ്റിൽ ഇത് അവതരിപ്പിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. ടി പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാർ ഏജൻസികളുടെ സഹായം ഈ പദ്ധതിക്ക് ലഭ്യമാക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്. പൊതുമേഖല, സ്വകാര്യ മേഖല, പഞ്ചായത്തുകൾ എന്നിവയുടെ സംയുക്ത പങ്കാളിത്തത്തോടെ (P-P-P-P Model)ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷന് രൂപം കൊടുക്കാൻ ഉദ്ദേശിക്കുന്നു. കേരള ഫിനാൻഷ്യൽ കോർപ്പറേഷനായിരിക്കും ഇതിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുക. നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, എന്റർപ്രിണേറിയൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടുള്ള പരിശീലന പരിപാടികളിലൂടെ അഭ്യസ്ത വിദ്യരായ ചെറുപ്പക്കാരെ മികച്ച സംരംഭകരാകാൻ പ്രാപ്തരാക്കും. പരിശീലനം ലഭിച്ച അഞ്ചിൽ കുറയാത്ത അംഗങ്ങൾ ചേർന്ന് പതിനായിരത്തോളം ചെറുകിട - മൈക്രോ വ്യവസായ സംരംഭങ്ങൾക്ക് രൂപം നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന വ്യാവസായിക യൂണിറ്റുകൾക്ക് പ്രോജക്റ്റ് കോസ്റ്റിന്റെ 90% തുക പലിശ രഹിത വായ്പയായി കെ.എഫ്.സി. നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിൻപ്രകാരം യുവസംരംഭകരുടെ വ്യാവസായിക സംഘങ്ങൾക്ക് 20 ലക്ഷം രൂപയും സംഘാംഗങ്ങളല്ലാത്ത ടെക്നോക്രാറ്റുകളായ വ്യക്തികൾക്ക് 10 ലക്ഷം രൂപ വരെയും വായ്പ നൽകുന്നതിനായി പദ്ധതി വിഭാവനം ചെയ്യുന്നു. |

| | | |
|---|---|---|
| ബി) | സ്വയംതൊഴിൽ പദ്ധതികൾക്ക് കെ.എസ്.എഫ്.ഇ. വഴി എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കാനുദ്ദേശിക്കുന്നത്; | കെ.എസ്.എഫ്.ഇ. യെ കേരള സംസ്ഥാന സ്വയം സംരംഭക വിഷനുമായി ഇപ്പോൾ ബന്ധപ്പെടുത്തിയിട്ടില്ല. |
| സി) | ഈ പദ്ധതി എന്നു തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്; | ഈ സാമ്പത്തിക വർഷംതന്നെ ഈ പദ്ധതി തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് |
| ഡി) | പദ്ധതിക്ക് ആസൂത്രണ കമ്മീഷൻ പിന്തുണ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | പദ്ധതി കേന്ദ്ര സർക്കാരിനു സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |
| ഇ) | പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക എങ്ങനെയാണ് സമാഹരിക്കുന്നത്? | പൊതുമേഖല സ്വകാര്യ മേഖല, പഞ്ചായത്തുകൾ എന്നിവയുടെ സംയുക്ത പങ്കാളിത്തത്തോടെ (P-P-P-P Model)ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കേരള ഫിനാൻഷ്യൽ കോർപ്പറേഷനായിരിക്കും ഈ പദ്ധതിയുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുക. പദ്ധതി പ്രകാരം രൂപീകരിക്കപ്പെടുന്ന വ്യാവസായിക യൂണിറ്റുകൾക്ക് പ്രോജക്റ്റ് കോസ്റ്റിന്റെ 90% തുക പലിശ രഹിത വായ്പയായി നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിൻപ്രകാരം യുവസംരംഭകരുടെ വ്യാവസായിക സംഘങ്ങൾക്ക് 20 ലക്ഷം രൂപയും സംഘാംഗങ്ങളല്ലാത്ത ടെക്നോക്രാറ്റുകളായ വ്യക്തികൾക്ക് 10 ലക്ഷം രൂപ വരെയും വായ്പ നൽകുന്നതിനായി പദ്ധതി വിഭാവനം ചെയ്യുന്നു. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കേന്ദ്ര സർക്കാർ ഏജൻസികളിൽ നിന്നും പദ്ധതിക്കുള്ള സഹായം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നുണ്ട്. |

**അണ്ടർ സെക്രട്ടറി**